ആനുകൂല്യങ്ങളൊന്നും ലഭിക്കാത്ത ജനവിഭാഗങ്ങളെ കണ്ടെത്തി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി

5 (*408) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. സാജുപോൾ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിക്കുന്ന ഒരു വിധ ആനുകൂല്യങ്ങളും ഇതേവരെ ലഭിക്കാത്ത ജനവിഭാഗങ്ങളെ കണ്ടെത്തി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ദാരിദ്ര്യ, സാമൂഹ്യ, പശ്ചാത്തല രംഗങ്ങളിൽ സംസ്ഥാനത്ത് നില നിൽക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ കുറച്ചു കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഉയർന്ന ജീവിത ചെലവും താഴ്ന്ന നിക്ഷേപവും കുറഞ്ഞ തൊഴിലവസരങ്ങളും എന്നസ്ഥിതി വിശേഷത്തെ മറികടക്കാൻ സർക്കാർ എന്തെങ്കിലും പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വികസന രംഗത്ത് സർക്കാർ വരുത്തിയ നയം മാറ്റത്തിന്റെ ഫലമായി ഇന്നേവരെ കൈവരിച്ച വികസന നേട്ടങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പ് ഇല്ലാതാക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉദ്ദേശിക്കുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി അഗതികൾക്കു വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യപടിയായി കുടുംബശ്രീ സംവിധാനത്തിലൂടെ 101 ഗ്രാമ പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) സാമ്പത്തിക രംഗത്ത് സംസ്ഥാനത്ത് നിലനില്ക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ കുറയ്ക്കുകയെന്നത് സർക്കാരിന്റെ പ്രധാന വികസന ലക്ഷ്യങ്ങളിൽ ഒന്നാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സർക്കാർ വിഹിതം നിശ്ചയിക്കുന്നതിന് പിന്നോക്കാവസ്ഥ സൂചിപ്പിക്കുന്ന വിവിധ ഘടകങ്ങൾക്ക് 30 മുതൽ 35 ശതമാനം വരെ വെയിറ്റേജ് നൽകുന്നുണ്ട്. ഇതിനു പുറമെ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പാക്കുന്നതിൽ പിന്നോക്ക പ്രദേശങ്ങൾക്ക് മുൻതൂക്കം നൽകിവരുന്നു. ഉദാഹരണത്തിന് കുടിവെള്ള വിതരണം, മാലിന്യ നിവാരണം, നീർത്തടവികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുവേണ്ട മുതൽ മുടക്ക് വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുകയും അതിൽ അംഗീകരിക്കപ്പെട്ട പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുക.
2. കാർഷിക മേഖലയിലെ ഉത്പാദനം ഉയർത്തുന്നതിനുവേണ്ടി 'അഗ്രി എക്സ്പോർട്ട് സോൺ' ഉൾപ്പെടെയുള്ള പദ്ധതികൾ.
3. പാവപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനുവേണ്ടി കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തൽ.
4. വികസന പദ്ധതികൾ നടപ്പാക്കാൻ വേണ്ട ബാങ്ക് വായ്പ വർദ്ധിപ്പിക്കാൻ വേണ്ട സാഹചര്യമൊരുക്കൽ.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തദ്ദേശീയ വികസനത്തിനായി സജ്ജമാക്കൽ.

(ഡി) ഇല്ല.

വികസന മാസാചരണം

6 (*409) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികസന മാസം ആചരിച്ചത് എന്നുമുതൽ എന്നു വരെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) വികസന മാസാചരണം കൊണ്ടുദ്ദേശിച്ച കാര്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുകൊണ്ടുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വികസന മാസാചരണത്തിനുവേണ്ടി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) മേയ് മാസം 17 മുതൽ ജൂൺ 15 വരെയാണ് വികസനമാസം ആചരിച്ചത്.

(ബി) വിവിധ വകുപ്പുകൾ തുടങ്ങിവച്ചതും, ഇനിയും പൂർത്തീകരിക്കാനുള്ളതുമായ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്യുക എന്നതായിരുന്നു വികസന മാസാചരണം കൊണ്ട് ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly